**വളരെ അടിയന്തരം**
**എസ്.എസ്.എൽ.സി.പരീക്ഷ**

**ക്യൂ.ഐ.പി(1)/331/2019/ഡി.പി.ഐ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 12/03/2019

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ പ്രഥമാധ്യാപകർക്കും
(ബന്ധപ്പെട്ട ജില്ലാവിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - ടൈപ്പ് 1 പ്രമേഹം ബാധിച്ച വിദ്യാർത്ഥികൾക്ക് ഇൻസുലിൻ കൈവശം വയ്ക്കുന്നതിനുള്ള അനുമതി- സംബന്ധിച്ച്.

സൂചന:- സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(ആർ.റ്റി) നമ്പർ 799/2019 പൊ.വി.വ. തീയതി 28/02/2019
.

.....................

ടൈപ്പ് 1 പ്രമേഹം ബാധിച്ച വിദ്യാർത്ഥികളിൽ പരീക്ഷാസമയത്ത് രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവിൽ അപ്രതീക്ഷിതമായ ഏറ്റക്കുറച്ചിലുകൾമൂലം ഉണ്ടാകുന്ന അവസ്ഥകളെ തടയുവാൻ ചില മുൻകരുതലുകൾ എന്ന നിലക്ക് ഇൻസുലിൻ പമ്പ്, ഇൻസുലിൻ പെൻ, വെള്ളം, ഗ്ലൂക്കോസ്, പഞ്ചസാര മിഠായി തുടങ്ങിയവ വിദ്യാർത്ഥികളുടെ കൈവശം തന്നെ സൂക്ഷിക്കുന്നതിന് ഇതിനാൽ അനുമതി നൽകുന്നു. ഇത്തരം വിദ്യാർത്ഥികളെ ഇൻവിജിലേറ്റർമാർ പ്രത്യേകം നിരീക്ഷിക്കേണ്ടതാണ്. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും പ്രഥമാധ്യാപകർക്ക് ഇത് സംബന്ധിച്ച വിവരം ഇന്നുതന്നെ നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

സി.രാഘവൻ
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
(അക്കാദമിക്)

കെ.എസ്.